**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4118** **28-10-2021 - ൽ മറുപടിയ്ക്ക്**

**പെരുവ ഗവൺമെന്റ് സ്കൂളിലെ നിർമ്മാണപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവ ഗവൺമെന്റ് സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നൽകിയിരുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | പെരുവ ഗവൺമെന്റ് സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് SPV ആയ KITE 2020 ഒക്ടോബറിൽ കിഫ്ബിയിൽ സമർപ്പിച്ച 6.20 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് 7,50,49,659.94 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് വീണ്ടും സമർപ്പിക്കുകയും അയത് പരിശോധനയിലും ആണ്. എന്നിരുന്നാലും കിഫ്ബി യുടെ സാമ്പത്തികാനുമതി 5 കോടി രൂപയിൽ നിജപ്പെടുത്തി മാത്രമേ നൽകാൻ സാധിക്കു. ബാക്കി തുക MLA ഫണ്ട്/PTA ഫണ്ട് എന്നീ സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കുവാൻ ഭരണവകുപ്പും SPV യും ശ്രമിക്കേണ്ടതുണ്ട് . |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള ഭരണാനുമതിക്കായി സമർപ്പിച്ച ഫയലിൽ (ഫയൽ നമ്പർ എസ്.എ2/3368)ഇതുവരെ സ്വീകരിച്ചുവന്ന നടപടികൾ വിശദീകരിക്കാമോ; | (ബി) | റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള ഭരണാനുമതിക്കായി കൈറ്റ് സർക്കാരിനു മുമ്പാകെ സമർപ്പിച്ച ഫയൽ (ഫയൽ നമ്പർ എസ്.എ2/3368) പരിഗണനയിലാണ്. സമാന്തരമായി കിഫ്ബിയിൽ കൈറ്റ് സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റും പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് എത്രകോടിരൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് 7,50,49,659.94 രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എം.എൽ.എ ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ജില്ലാകളക്ടറുടെ നടപടിക്രമത്തിന്റെ പകർപ്പ് SPV ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഭരണാനുമതി

4148

# ജില്ലാ കളക്ടർ കോട്ടയത്തിന്റെ നടപടിക്രമം

(ഹാജർ : ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ്)

വിഷയം : എം.എൽ.എ. മാരുടെ ആസ്തി വികസന നിധി - 2018-19 - ശ്രീ. മോൻസ് ജോസഫ് എം.എൽ.എ. - വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഗവ. ബോയ്സ് വി.എച്ച്.എസ്. പെരുവയെ മികവിന്റെ കേന്ദ്രമായി മാറ്റുന്ന പദ്ധതിയിൽ ഭരണാനുമതി നൽകുന്നത് - സംബന്ധിച്ച്

1/10/18

സൂചന :

1) സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 86/2017/ധന 04/07/2017

2) സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 3292/2017/പൊ.വി.വ. 21/09/2017

3) ~~സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 153/2017/ധന. 01/02/2017~~

4) ബഹു. മോൻസ് ജോസഫ് എം.എൽ.എ.യുടെ 24/06/2018 തീയതിയിലെ Kdy/MLA/15/2018 നമ്പർ കത്ത്

5) പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പിന്റെ 31/07/2018 തീയതിയിലെ 3096/എൻ.സി.ബി.3/2018 നമ്പർ കത്ത്

**<u>ഉത്തരവ് നം.ഡി1-2814/17/2/എം.ജെ. തീയതി : 12/10/2018</u>**

നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ബഹു. എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവർത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും പ്രസ്തുത പ്രവർത്തികളുടെ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിനും 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലെയും തെരഞ്ഞെടുത്ത ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്ന പദ്ധതിയിൽ സൂചന (2) ഉത്തരവ് പ്രകാരം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പെരുവ ഗവ. ബോയ്സ് വി.എച്ച്.എസ്-നെ തെരഞ്ഞെടുത്തിട്ടുണ്ട്. മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത ഓരോ സ്കൂളിനും 5 കോടി രൂപ കിഫ്ബി ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. അധികമായി വേണ്ടിവരുന്ന തുക ബഹു. എം.എൽ.എ.മാരുടെ നിർദ്ദേശപ്രകാരം ആസ്തി വികസന നിധിയിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് സൂചന (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

സൂചന (4) പ്രകാരം, മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട പെരുവ ഗവ. ബോയ്സ് വി.എച്ച്.എസ്.എസ്.ന് ബഹു. കടുത്തുരുത്തി എം.എൽ.എ. ശ്രീ. മോൻസ് ജോസഫ് 2018-19 സാമ്പത്തിക വർഷത്തെ ആസ്തി വികസന നിധിയിൽ നിന്നും 162 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സൂചന (5) പ്രകാരം ടി പദ്ധതി നടപ്പിലാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ബഹു. കടുത്തുരുത്തി എം.എൽ.എ.യുടെ 2018-19 സാമ്പത്തിക വർഷത്തെ ആസ്തി വികസന നിധിയിൽ നിന്നും 162 ലക്ഷം രൂപ ടി പദ്ധതിയ്ക്കായി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു. മേൽ പ്രവർത്തിയുടെ ചെലവ് 5475-00-800-91-Projects under LAC ADS (NP) എന്ന ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്. ടി പ്രവർത്തിയുടെ നിർവ്വഹണത്തിലും മേൽ നോട്ടത്തിനും വിദ്യാഭ്യാസ ഉപ ഡയറക്ടർ കോട്ടയത്തിനെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ
കോട്ടയം

പകർപ്പ് :- 1) വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോട്ടയം
2) ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.
3) പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4) പ്രിൻസിപ്പൽ, പെരുവ ഗവ. ബോയ്സ് വി.എച്ച്.എസ്.എസ്.
3) ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
കോട്ടയം

സെക്ഷൻ ഓഫീസർ